"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ വേങ്ങര പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 5 ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ബൈജു പുത്തലത്തൊടിയുടെ മാതാവിന്റെ ചികിത്സക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.166/2026/LSGD തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:-

1. ശ്രീ.ബൈജു പുത്തലത്തൊടിയുടെ 20/07/2022 ലെ അപേക്ഷ
2. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ 03/10/2022 ലെ സി5/14715/2022 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 30/11/2022 ലെ PAN/18185/2022-F2(DP) നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് വേങ്ങര പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 5 ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ബൈജു പുത്തലത്തൊടി, ടിയാളുടെ മാതാവിന്റെ ചികിത്സക്ക് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ 30.05.2022 മുതൽ 18.06.2022 വരെയുള്ള കാലയളവിൽ ചെലവായ 68,654/- രൂപ പ്രതിപൂരണം ചെയ്ത് ലഭിക്കുന്നതിന് സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷ, ആയത് പരിശോധിച്ച് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (2) പ്രകാരം അനുവദനീയമെന്ന് അറിയിച്ച 34,711/- രൂപയുടെ 80% ആയ 27,769/- രൂപ മെഡിക്കൽ റീ ഇംബേഴ്സ് മെന്റ് ആയി അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വേങ്ങര പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 5 ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ബൈജു പുത്തലത്തൊടിയുടെ മാതാവിന്റെ ചികിത്സയ്ക്ക് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ 30.05.2022 മുതൽ 18.06.2022 വരെയുള്ള കാലയളവിൽ ചെലവായ 68,654/- രൂപയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് അറിയിച്ച 34,711/-രൂപയുടെ 80% ആയ 27,769/- രൂപ (ഇരുപത്തിയേഴായിരത്തി എഴുന്നൂറ്റി അറുപത്തിയൊൻപത് രൂപ മാത്രം), KGSMA Rules 1960-ലെ നിലവിലെ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് പ്രത്യേക കേസായി പരിഗണിച്ച്, ടിയാന്റെ മാതാവ് കുടുംബ പെൻഷണറല്ല എന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രം എന്ന വ്യവസ്ഥയിൽ പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി

നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. ബൈജു പുത്തലത്തൊടി, ജൂനിയർ സൂപ്രണ്ട്, വേങ്ങര പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് 5, മലപ്പുറം (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ/ആഡിറ്റ്)(തിരുവനന്തപുരം/തൃശ്ശൂർ)
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം
ആരോഗ്യവും കുടുംബക്ഷേമവും (ജി) വകുപ്പ് (18/11/2025ലെG2/820/2025-HEALTH പ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി2/221/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 21-01-2026 11:02:53
സെക്ഷൻ ഓഫീസർ